# പതിമൂന്നാം കേരളനിയമസഭ

## ഏഴാം സമ്മേളനം

### തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.274.

18.02.2013-ൽ മറുപടിക്ക്.

**ചോദ്യം**

ശ്രീ.എ.കെ.ബാലൻ
പ്രൊഫ.സി.രവീന്ദ്രനാഥ്
ശ്രീ.വി.ശിവൻകുട്ടി
ശ്രീ.സാജു പോൾ

**മറുപടി**

ഡോ.എം.കെ.മുനീർ
(ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പ് തദ്ദേശസ്ഥാപനങ്ങൾക്ക് സബ്സിഡി സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | തദ്ദേശഭരണ സ്ഥാപനങ്ങളുടെ 12-ാം പഞ്ചവത്സര പദ്ധതിയ്ക്കായി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പുതുക്കിയ മാർഗ്ഗരേഖ 29.9.2012 ലെ ജി.ഒ.എം.എസ് നം.248/2012 നമ്പർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. |
| (ബി) | കുടിവെള്ളത്തിനുവേണ്ടി പൊതുടാപ്പുകൾ സ്ഥാപിക്കേണ്ടതില്ലെന്ന നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് നൽകാനിടയായ സാഹചര്യം വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ പൊതു ടാപ്പുകളുള്ള കുടിവെള്ള പദ്ധതികളേക്കാൾ സബ്സിഡി നിബന്ധനകൾക്കു വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നല്കുന്ന പദ്ധതികൾക്ക് (ജലനിധി മാതൃക) മുൻഗണന നൽകണമെന്നും ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ലഭ്യമാക്കേണ്ടതാണെന്നും അപ്രകാരം ചെയ്തശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആവശ്യമുള്ള വീടുകൾക്ക് ഗാർഹിക കണക്ഷൻ നൽകുന്നതിനും അർഹതപ്പെട്ട |

വർക്ക് സബ്സിഡി നൽകുന്നതിനും ഉത്തരവ് നൽകിയ സാഹചര്യത്തിലാണ് ഈ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളത്.

| | |
|---|---|
| (സി) കുടിവെള്ള പദ്ധതികളുടെ കാര്യത്തിൽ എന്തെല്ലാം നിലയിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനാണ് തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശം നൽകിയിരിക്കുന്നത്; വ്യക്തമാക്കാമോ? | (സി) പുതുതായി പൊതു ടാപ്പുകൾ നൽകേണ്ടതില്ല എന്നു മാത്രമാണ് കുടിവെള്ള പദ്ധതികളുടെ കാര്യത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണം. 12-ാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖാ പദ്ധതി പ്രകാരം ജലവിതരണ പ്രവർത്തനങ്ങളെക്കാൾ ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണമെന്നും ഇൻവെസ്റ്റിഗേഷൻ നടത്തി ജലലഭ്യത ഉറപ്പുവരുത്തി ജലസ്രോതസ്സ് തീരുമാനിച്ച ശേഷമേ കുടിവെള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവൂ എന്നും കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിച്ച്/വിപുലപ്പെടുത്തി ജലവിതരണം നടത്താൻ ഉദ്ദേശിച്ച് തയ്യാറാക്കുന്ന പ്രോജക്ടുകളോടൊപ്പം വാട്ടർ അതോറിറ്റിയിൽ നിന്നുമുള്ള അനുമതി പത്രം കൂടി സമർപ്പിച്ചിരിക്കണമെന്നും എല്ലാ കുടിവെള്ള പ്രോജക്ടുകൾക്കും ഗുണഭോക്തൃ വിഹിതം നിർബന്ധമില്ലെന്നും പദ്ധതി പൂർത്തിയായ ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനം തുക ചെലവഴിക്കരുതെന്നും ഗുണഭോക്തൃ സമിതികളെ പദ്ധതി തുടർ നടത്തിപ്പിനായി ഏൽപ്പിക്കണമെന്നും ജലനിധി പദ്ധതി സമാനമായ മറ്റ് കുടിവെള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ വേറെ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ